LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 119 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

(ബി-ഡി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അരുർ മണ്ഡലത്തിൽ നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR Scheme-ൽ ഉൾപ്പെടുത്തി അരുർ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് വകുപ്പ് തലത്തിൽ തയ്യാറാക്കിവരുന്നു.

ജിഡ ഫിഷറീസ് ഫണ്ട്

197 (2752) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തിയുടെ ഇനിയും പൂർത്തീകരിക്കാനുള്ളത് എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ ഏതെങ്കിലും തരത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജിഡ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി 31-12-2014-ന് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്.

(ബി) നിലവിൽ തടസ്സമില്ല.

എസ്.സി./എസ്.റ്റി. ആവാസ കേന്ദ്രങ്ങളിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

198 (2753) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :